(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ എത്ര വ്യവസായ വളർച്ചാ കേന്ദ്രങ്ങളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും കൂടാതെ മറ്റു ഭൂമികളുമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളും സ്ഥലങ്ങളും എവിടെയെല്ലാമാണുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ജില്ലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങളും ഗ്രാമത്ത് സെന്റ റുകളും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നതെയ്ക്ക് സ്ഥാപിക്കാനാണ് ഉദ്ദേശിക്കു ന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ ഇല്ല. ഒരു വികസന ഏരിയായും, രണ്ട് വികസന പ്ലോട്ടുകളും, അഞ്ച് മിനിവ്യവസായ എസ്റ്റേറ്റുകളും, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള ഒരു വ്യവസായ എസ്റ്റേറ്റും ഉണ്ട്.

(ബി)	വികസന ഏരിയ	..	അനന്തപുരം
	വികസന പ്ലോട്ട്	..	1. അനന്തപുരം
			2. ചട്ടച്ചാൽ
	മിനി വ്യവസായ എസ്റ്റേറ്റുകൾ	..	1. ചെങ്ങള
			2. കുമ്പള
			3. പീലിക്കോട്
			4. തൃക്കരിപ്പൂർ
			5. നീലേശ്വരം
	എസ്.സി./എസ്.റ്റി. എസ്റ്റേറ്റ്	..	വിദ്യാനഗർ

(സി, ഡി) ഉണ്ട്. കാസർഗോഡ് ജില്ലയിൽ മീഞ്ച, കുമ്പള, ചെമ്മനാട്, ചെർക്കുള, നീലേശ്വരം എന്നീ പഞ്ചായത്തുകളിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കു ന്നതിനുവേണ്ട സ്ഥലം ലഭ്യമാണെന്ന് പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

ഹ്യൂമൺ റിസോഴ്സസ് ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പിന്റെ സ്ഥലം ലഭിക്കാൻ നടപടി

133 [2609] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ലോക്കൽ ഹ്യൂമൺ റിസോഴ്സസ് ഡെവ. പ്മെന്റ് സെന്റർ സ്ഥാപിക്കുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യം ഉന്നയി ച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ആവശ്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിന് കൈവശമുള്ള ചെറുവണ്ണൂർ വില്ലേജിലെ ആർ.എസ്. 71/4-ൽ പ്പെട്ട 45 സെന്റ് സ്ഥലം ഈ ആവശ്യത്തിനായി വിട്ടുകൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രസ്തുത സ്ഥലത്ത് ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശമുള്ളതിനാൽ കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ചിട്ടില്ല.

അങ്കമാലിയിലെ ടെൽക്ക് എന്ന സ്ഥാപനം സ്വകാര്യവൽക്കരിക്കാനുള്ള നീക്കം

134 [2612] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് (ടെൽക്) എന്ന സ്ഥാപനം സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം ഓഹരികളാണ് സ്വകാര്യമേഖലകൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(സി) കേരളത്തിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സ്വകാര്യ വൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എന്റർപ്രൈസ് റിഫോംസ് കമ്മിറ്റി സമർപ്പിച്ച പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ തീരുമാനമനുസരിച്ച് ടെൽക്കിൽ അധികമുള്ള ജീവനക്കാരെ എംപ്ലോയി സെപ്പറേഷൻ സ്കീമിൽ കൊണ്ടുവന്നതിനുശേഷം പൊതുമേഖലയിൽത്തന്നെ നിലനിർത്തി സ്വകാര്യ പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. TELK-ൽ നിലവിൽ സ്വകാര്യ പങ്കാളിത്തമുണ്ട്.

(ബി) സർക്കാർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതിപ്രകാരം ടെൽക്കിന്റെ 26 മുതൽ 49 വരെ ശതമാനം ഓഹരികളാണ് വിൽപ്പന നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

(സി) കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ വൈറ്റമിൻ-എ ഡിവിഷൻ, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, സീതാറാം ടെക്സ്റ്റൈൽസ്, ആട്ടോകാസ്റ്റ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ കോട്ടയം ടെക്സ്റ്റൈൽസ്, ടെൽക്ക് എന്നിവയിൽ സ്വകാര്യപങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണം തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly